**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4690** **13-03-2023 - ൽ മറുപടിയ്ക്ക്**

**പരിസ്ഥിതി സംരക്ഷണ സംഘടനകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പ്രവർത്തിച്ച് വരുന്ന പരിസ്ഥിതി സംരക്ഷണ സംഘടനകൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ പരിസ്ഥിതി സംഘടനകളുടെ ഔദ്യോഗിക പട്ടിക വനം വകുപ്പിൽ ലഭ്യമല്ല. എന്നാൽ വനം വകുപ്പിന്റെ പരിപാടികളിൽ പങ്കാളികളാകുന്ന പരിസ്ഥിതി സംഘടനകളുടെ ലിസ്റ്റ് അനുബന്ധം - 1 ആയി ഉള്ളടക്കം ചെയ്യുന്നു. |
| (ബി) | പ്രസ്തുത സംഘടനകളുടെ മുഖ്യമായ പ്രവർത്തനം എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (ബി) | വനം വകുപ്പുമായി ചേർന്ന് പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ചും, വനം വന്യജീവി സംരക്ഷണത്തെക്കുറിച്ചും ബോധവൽക്കരണം നടത്തുക, തൈ നടീൽ, പക്ഷി സംരക്ഷണം, കടൽത്തീരസംരക്ഷണം, കണ്ടൽക്കാട് സംരക്ഷണം, കടലാമ സംരക്ഷണം, പക്ഷി നിരീക്ഷണം, സെമിനാറുകൾ എന്നിവ കൂടാതെ വന്യജീവികളുടെ കണക്കെടുപ്പ്, ഫീൽഡ് ഉദ്യോഗസ്ഥർക്കും പൊതുജനങ്ങൾക്കും നൽകുന്ന അവബോധ ക്ലാസ്സുകളുടെ നടത്തിപ്പ്, സ്പീഷീസുകളെ തിരിച്ചറിയുന്നതുമായി ബന്ധപ്പെട്ട ക്ലാസ്സുകൾ, ജീവി വർഗ്ഗങ്ങളുടെ ചെക്ക് ലിസ്റ്റ് തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ, വനം - പരിസ്ഥിതിയുമായി ബന്ധപ്പെട്ട വിവിധങ്ങളായ ദിനാചരണങ്ങളുടെ ഭാഗമായുള്ള പ്രവർത്തനങ്ങൾ, മാനേജ് മെന്റ് പ്ലാൻ തയ്യാറാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ, ആനത്താര പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, ഫീൽഡ് ഗൈഡുകൾ തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ, സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തുടങ്ങിയവയിൽ പരിസ്ഥിതി സംഘടനകളുടെ സജീവ പങ്കാളിത്തം ഉണ്ടാകാറുണ്ട്. |
| (സി) | വനം വകുപ്പുമായി ചേർന്ന് ഈ സംഘടനകൾ വർഷംതോറും സംസ്ഥാനത്ത്എന്തെല്ലാം പരിപാടികൾ നടത്തിവരുന്നുവെന്ന് | (സി) | വനം വകുപ്പുമായി ചേർന്ന് ഈ സംഘടനകൾ വർഷം തോറും സംസ്ഥാനത്ത് വനം-വന്യജീവി വാരാഘോഷം, പരിസ്ഥിതി ദിനാഘോഷം, ഗജദിനം |

| | | | |
|---|---|---|---|
| | വിശദമാക്കാമോ; ഇതിനായി വകുപ്പ് എന്തെങ്കിലും ഗ്രാന്റ് സംഘടനകൾക്ക് നൽകിവരുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ? | | എന്നിവ നടത്തി വരുന്നുണ്ട്. മാലിന്യ നിർമ്മാർജ്ജനം, വിദേശ കളകളുടെ നിർമ്മാർജ്ജനം, പരിസ്ഥിതി അവബോധ സെമിനാറുകൾ/ ജാഥകൾ, തൈനടീൽ, കാട്ടുതീ തടയുന്നതിനുള്ള ക്ലാസ്സുകൾ, ബീച്ച് ക്ലീനിംഗ്, കണ്ടൽക്കാട് സംരക്ഷണ പ്രവർത്തനങ്ങൾ, പ്രകൃതി പഠന ക്യാമ്പുകൾ, നദീ തീരങ്ങളിലെ മുളയുടെയും മറ്റ് ചെറു മരങ്ങളുടെയും സംരക്ഷണം, തോട്ടുകളും, നദികളും വൃത്തിയാക്കൽ തുടങ്ങിയവ നടത്തി വരുന്നു. കൂടാതെ വന്യജീവികളുടെ കണക്കെടുപ്പ്, ഫീൽഡ് ഉദ്യോഗസ്ഥർക്കും പൊതുജനങ്ങൾക്കും നൽകുന്ന അവബോധ ക്ലാസ്സുകളുടെ നടത്തിപ്പ്, സ്പീഷീസുകളെ തിരിച്ചറിയുന്നതുമായി ബന്ധപ്പെട്ട ക്ലാസ്സുകൾ, ജീവി വർഗ്ഗങ്ങളുടെ ചെക്ക് ലിസ്റ്റ് തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ, വനം - പരിസ്ഥിതിയുമായി ബന്ധപ്പെട്ട വിവിധങ്ങളായ ദിനാചരണങ്ങളുടെ ഭാഗമായുള്ള പ്രവർത്തനങ്ങൾ, മാനേജ് മെന്റ് പ്ലാൻ തയ്യാറാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ, ആനത്താര പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, ഫീൽഡ് ഗൈഡുകൾ തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ, സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തി വരുന്നു. ഇതിനായി വനം വകുപ്പിൽ നിന്നും ഒരു സംഘടനയ്ക്കും ഗ്രാന്റ് അനുവദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം -1

## കേരള സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്ന പരിസ്ഥിതി സംരക്ഷണ സംഘടനകൾ

1) ആലപ്പുഴ ഹിസ്റ്റോറിക്കൽ സൊസൈറ്റി
2) കോട്ടയം നേച്ചർ സൊസൈറ്റി
3) കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്
4) പത്തനംതിട്ട ബേർഡേഴ്സ്
5) കൊല്ലം ബേർഡിംഗ് ബറ്റാലിയൻ
6) സ്പാരോ നേച്ചർ കൺസർവേഷൻ സൊസൈറ്റി
7) സഹ്യാദ്രി നേച്ചർ ഫൗണ്ടേഷൻ
8) തണൽ
9) വയനാട് പ്രകൃതി സംരക്ഷണ സമിതി
10) ട്രാവൻകൂർ ഹിസ്റ്ററി സൊസൈറ്റി
11) നേർക്കാഴ്ച
12) ഗ്രീൻഹാബിറ്റാറ്റ്
13) മലബാർ നാച്ചുറൽ ഹിസ്റ്ററി സൊസൈറ്റി
14) സാഹിത്യ നേച്ചർ ക്ലബ്ബ്
15) നേച്ചർ ക്ലബ്ബ് ശ്രീ. ശങ്കര വിദ്യാപീഠം, മണികണ്ഠേശ്വരം
16) റൈറ്റേഴ്സ് & നേച്ചർ ലവേഴ്സ് ഫോറം
17) വേൾഡ് വൈൽഡ് ഫണ്ട് ഫോർ നേച്ചർ (WWF)
18) ട്രാവൻകൂർ നാച്ചുറൽ ഹിസ്റ്ററി സൊസൈറ്റി
19) കോട്ടയം നേച്ചർ സർവ്വീസ് സൊസൈറ്റി, മണർകാട്.
20) കോട്ടയം നേച്ചർ സൊസൈറ്റി ബേഡേഴ്സ്, എഴുപുന്ന.
21) ട്രോപ്പിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇക്കോളജിക്കൽ സയൻസ്
22) ഇല, കട്ടപ്പന.
23) പൂമരത്തണൽ
24) ഇടുക്കി ജില്ലാ യൂത്ത് ഹോസ്റ്റൽസ് അസോസിയേഷൻ
25) ഹൈറേഞ്ച് ഡവലപ്മെന്റ് സൊസൈറ്റി
26) സേവ് കുറിഞ്ഞി

27)വൈപ്പിൻ ബീച്ച് ക്ലബ്ബ്, പുതുവൈപ്പ്.

28)ഗ്രാസ് റൂട്ട്, എടവനക്കാട്.

29)തീരം

30)ദർശനം സാംസ്ക്കാരിക വേദി, ചെലവൂർ.

31) മാർക്ക് (Malabar Awareness and Rescue Centre for Wildlife)

32)സ്റ്റാർ (Sea Turtle Awareness and Rehabilitation)

33)നെയ്തൽ കോസ്റ്റൽ ഇൻഫർമേഷൻ കൺസർവേഷൻ & ആക്ഷൻ സമിതി.

34)കാസർഗോഡ് ബേഡേഴ്സ്

35)കാസർഗോഡ് ജില്ലാ പരിസ്ഥിതി സമിതി

36)തിരുവനന്തപുരം ആരണ്യകം

37)നേച്ചർ ഫൗണ്ടേഷൻ, എറണാകുളം.

38)വൈൽഡ് ലൈഫ് ട്രസ്റ്റ് ഓഫ് ഇന്ത്യ

39)ഫോറസ്റ്റ് വാച്ച് ഇന്ത്യ

40)വൺ എർത്ത് വൺ ലൈഫ്

41) FERNS Nature Conservation Society.

42)Hume Centre for Ecology and Wildlife Biology

43)Warblers and Waders

44)Society for Environmental Education in Kerala (SEEK)

45)Lawyers Environmental Awareness Forum (LEAF)

46)Mathrubhoomi SEED